വ്യവഹാരങ്ങളുണ്ട്. അടിക്കടിയുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ, ഇതെല്ലാം പരിഹരിച്ചാലേ പോകാൻ കഴിയൂ. ഈ ഗവണ്മെന്റ് വന്നതിനുശേഷം 8 പ്രാവശ്യം ഞാൻ തന്നെ നേരിട്ട് യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇപ്പോൾ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ജില്ലാ കളക്ടറേയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു കമ്മിറ്റി മിക്കവാറും എല്ലാ മാസവും രണ്ട് പ്രാവശ്യം കൂടുന്നുണ്ട്. വീണ്ടും ഒരു യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. സാമ്പത്തികമല്ല പ്രശ്നം. അവിടെയുള്ള സാമൂഹ്യ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ നമുക്ക് കഴിയും. സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിച്ചുകഴിഞ്ഞാൽ നമുക്ക് വളരെ വേഗം ഈ പ്രോജക്ട് പൂർത്തീകരിക്കാൻ കഴിയും.

(6) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വളരെ പ്രധാന്യമുള്ള ഒരു വിഷയമാണ്. കഴിഞ്ഞ ജനുവരി 16-ന് സർക്കാർ ഒരു ഉത്തരവിലൂടെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ആനുകൂല്യങ്ങളും മറ്റും വെട്ടിക്കുറച്ചതിനെത്തുടർന്നുണ്ടായ വമ്പിച്ച സമരം. ആ സമരകാലത്ത് തിരുവനന്തപുരത്തെ യുത്ത് കോൺഗ്രസ് എന്റെ നേതൃത്വത്തിൽ പ്രവർത്തകർ പ്രകടനം നടത്തുകയും ഞാൻ കൊല്ലത്ത് പന്തൽ കെട്ടി സത്യാഗ്രഹം ഇരിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ദിവസം നമ്മുടെ മുഖ്യമന്ത്രി സഭയിൽ നടത്തിയ വെളിപ്പെടുത്തൽ എനിക്ക് മനസ്സാക്ഷിക്കുത്തുണ്ടായി. മുഖ്യമന്ത്രി പറഞ്ഞത് പോയ വർഷം ആയിരം കോടി രൂപ അധികം സെയിൽസ് ടാക്സ് പിരിവ് നമുക്ക് വർദ്ധിച്ചു എന്നാണ്. നമ്മൾ മന്ത്രിമാരും എം.എൽ.എ. മാരുമല്ല അത് പിരിച്ചെടുക്കുന്നത്. അത് ഇവിടത്തെ ജീവനക്കാർ തന്നെയാണ് പിരിച്ചെടുത്ത് ഖജനാവിൽ എത്തിക്കുന്നത്. വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ കുറെ പുനഃസ്ഥാപിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതോടൊപ്പം തന്നെ ഇനിയും സാമ്പത്തിക ഭദ്രത കൈവരിക്കുന്നതനുസരിച്ച് ബാക്കി ആനുകൂല്യങ്ങൾ കൂടി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരളം കടക്കെണിയിലായിരുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് പല തരത്തിലുള്ള നടപടികൾ എടുത്തതിന്റെ ഭാഗമായി വളരെ പ്രയാസത്തോടുകൂടിയാണെങ്കിലും ജീവനക്കാരുടെ കുറെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിരുന്നു. പക്ഷേ സാമ്പത്തികനില മെച്ചപ്പെട്ട സാഹചര്യത്തിൽ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ കുറെ ഗവണ്മെന്റ് വീണ്ടും പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇനിയും ജീവനക്കാരും കൂടി സഹകരിച്ച് സർക്കാരിന്റെ സാമ്പത്തികനില കൂടുതൽ മെച്ചപ്പെടുകയാണെങ്കിൽ ഒരു വർഷം കഴിഞ്ഞ് വീണ്ടും സ്ഥിതിഗതികൾ പരിശോധിച്ച്, അന്ന് ഇന്നത്തെക്കാൾ സ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ ഇനിയും കൂടുതൽ ആനുകൂല്യം കൊടുക്കുന്ന കാര്യം ഗവണ്മെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly